**Quran.surf-ൽ നിന്നുള്ള പത്രക്കുറിപ്പ്**

ദുബായ്, യു.എ).ഇ 2025, ഏപ്രിൽ 4

# വിശുദ്ധ ഖുർആനിന് വ്യത്യസ്തവും വിപുലവുമായ ഇങ്ങനെയൊരു ശേഖരം ചരിത്രത്തിൽ ഇതാദ്യം: ശ്രദ്ധ നേടി Quran.surf.

## സംക്ഷിപ്തമായി

- ദുബായിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നതിനിടയിൽ, ഒഴിവ് വേളകളിലെ വർഷങ്ങളായുള്ള നിരന്തര പരിശ്രമ ഫലമായി വിശുദ്ധ ഖുർആനിന് തികച്ചും വ്യത്യസ്തവും വിപുലവുമായ ഒരു ശേഖരം ഉണ്ടാക്കിയിരിക്കുകയാണ്. സമൂഹത്തിന് ഏറെ ഉപകാരപ്രദവും അതേ സമയം മാതൃകാപരവുമായ ഈ പ്രവർത്തിയെക്കുറിച്ച് നിങ്ങളുടെ മീഡിയയിൽ ഇതേക്കുറിച്ച് അവലോകനപരമായ വാർത്ത പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- Quran.surf വഴി 5100+ HD വീഡിയോകളും (ഷോർട്ട്സ് ഉൾപ്പെടാതെ) 1000+ ഉപയോഗപ്രദമായ പ്ലേലിസ്റ്റുകളും ഇതിനോടകം തന്നെ പൂർത്തിയാക്കാനായിട്ടുണ്ട്. ഇത് എങ്ങനെയാണ് ചരിത്രത്തിലെ ഒരു വഴിത്തിരിവായി മാറിയതെന്ന് ഈ വിശദീകരണ വീഡിയോയിലൂടെ

മനസ്സിലാക്കാനാവും: https://youtu.be/5rQ246tMKU4. ഈ വീഡിയോയുടെ ആദ്യ 8 മിനിറ്റ് പ്രധാന പോയിന്റുകൾ ഉൾക്കൊള്ളുന്നു, ബാക്കിയുള്ളവ വിശദമായ സവിശേഷതകളെ വിവരിക്കുന്നു.

- യഥാർത്ഥ പ്രധാന കാര്യം, എല്ലാ Quran.surf വീഡിയോകളും പാരായണത്തോടൊപ്പം ഖുർആൻ ഭാഗം ഹൈലൈറ്റ് ചെയ്ത് കാണിക്കുന്നു എന്നതാണ്! ഓരോ സൂറത്തിനും, ഓരോ പേജിനും, ഓരോ ജൂസ്ഇനും, മുഴുവൻ സൂറത്തുകൾക്കും, മുഴുവൻ പേജുകൾക്കും ചില പ്രത്യേക ആയത്തുകൾക്കുമൊക്കെ പ്ലേലിസ്റ്റുകൾ ഉണ്ട്! ഇതിൽ ഓരോ സൂറത്തുകൾക്കുമുള്ള പ്ലേലിസ്റ്റുകളിലോരോന്നിലും 17ൽ അധികം ലോക പ്രശസ്ത പാരായണക്കാരുടെ വീഡിയോകൾ അടങ്ങിയിരിക്കുന്നു.
- വിശുദ്ധ ഖുർആനിന് ഇതിനുമുമ്പ് ഇത്തരം വീഡിയോ പ്ലേലിസ്റ്റുകളുടെ ശേഖരങ്ങൾ ഉണ്ടായിരുന്നില്ല എന്നതാണ് ഇവകളുടെ ഏറ്റവും വലിയ പ്രത്യേകത! മാത്രമല്ല, ചില പവിത്ര ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നതിനാൽ Quran.surfൽ പരസ്യങ്ങൾ ഉൾപ്പെടുത്തുകയോ മോണിറ്റയ്സേഷൻ ആക്ടിവേറ്റ് ചെയ്യുകയോ ചെയ്തിട്ടുമില്ല. എന്നാൽ മൂന്നാം കക്ഷികൾക്ക് പകർപ്പവകാശമുള്ള പല പാരായണ ശബ്ദങ്ങളും Quran.surf അവരുടെ അവകാശം വക വെച്ച് കൊണ്ട് ഉപയോഗിക്കുന്നതിനാൽ അത്തരം ഇടങ്ങളിൽ അവർക്ക് ലഭിക്കേണ്ട നേട്ടത്തിനായി വീഡിയോയിൽ യൂട്യൂബ് പരസ്യങ്ങൾ പ്രദർശിപ്പിച്ചേക്കാവുന്നതാണ്.
- Quran.surf വീഡിയോകൾ ഒരേ സമയം ഒരു സ്ക്രീനിൽ ഖുർആനിന്റെ അഞ്ച് വരികൾ മാത്രം കാണിക്കുന്നു. ചെറിയ മൊബൈൽ സ്ക്രീനുകളിലും വലിയ

പ്രൊജക്ടർ സ്ക്രീനുകളിലും ഇത് നന്നായി കാണാൻ കഴിയും. അതിനാൽ, ഖുർആൻ പാരായണം നന്നായി കേൾക്കാനോ പഠിക്കാനോ പഠിപ്പിക്കാനോ ആഗ്രഹിക്കുന്നവർക്ക് ഇത് ഒരു മികച്ച അവലംബ മാർഗമായി ഉപയോഗപ്പെടുത്താവുന്നതാണ്. സൂറകത്തുകളുടെയും പേജുകളുടെയും പ്ലേലിസ്റ്റുകൾ പാരായണങ്ങളെക്കുറിച്ചുള്ള താരതമ്യ പഠനത്തിനുള്ള സമാനതകളില്ലാത്ത ഉറവിടം കൂടിയായി ഇന്ന് മാറിയിരിക്കുകയാണ്.

- ഇക്കാര്യത്തിൽ ആഴത്തിലുള്ള വിശദാംശങ്ങൾക്ക്, മുകളിൽ നൽകിയിരിക്കുന്ന വീഡിയോ ലിങ്കിനും ചുവടെയുള്ള വിശദമായ വിവരണ വിഭാഗത്തിനും പുറമെ, www.quran.surf/abcd-pdf/ (A B C D of Quran.surf) എന്ന ലിങ്ക് കൂടി ഉപയോഗപ്പെടുത്താം. ഇതിൽ എന്റെ ഫോട്ടോ, Quran.surf ലോഗോ & ബാനർ, നിരവധി സപ്പോർട്ടിങ് ഡോക്യൂമെന്റുകൾ, അധിക ഡൗൺലോഡ് ലിങ്കുകൾ എന്നിവ ഉൾപ്പെടുന്നു. ഇവ കൂടി റഫർ ചെയ്യാവുന്നതാണ്: www.quran.surf/pr-en/ (പ്രസ്സ് റിലീസ് - ഇംഗ്ലീഷ്), www.quran.surf/pr-ar/ (പ്രസ്സ് റിലീസ് - അറബിക്).
- അതിനാൽ തികച്ചും വ്യത്യസ്തവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ ഈ സമർപ്പിത സംരംഭത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് കഴിവതും വേഗത്തിൽ തന്നെ പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിച്ചോട്ടെ. ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ ദയവായി എന്നെ കോൺടാക്ട് ചെയ്യുക.

## വിശദമായി

ലോകങ്ങളുടെ നാഥനായ അല്ലാഹുവിന് എല്ലാ സ്തുതിയും സമർപ്പിച്ച് കൊണ്ട്, Quran.surf-ന്റെ പ്ലേലിസ്റ്റ് വിഭാഗം അഭിമാനത്തോടെ പ്രഖ്യാപിക്കുകയാണ്. 6 തരത്തിലുള്ള പ്ലേലിസ്റ്റുകളാണ് ഇവിടുള്ളത്. അവ:

1) **'എല്ലാ സൂറ വീഡിയോകളുമുൾക്കൊള്ളുന്ന പ്ലേലിസ്റ്റുകൾ'**: ഇത്തരത്തിലുള്ള ഓരോ പ്ലേലിസ്റ്റിലും 114 സൂറ വീഡിയോകളും ഉൾകൊള്ളുന്നു.
2) **'എല്ലാ പേജ് വീഡിയോകൾക്കുമായുള്ള പ്ലേലിസ്റ്റുകൾ'**: ഇത്തരത്തിലുള്ള ഓരോ പ്ലേലിസ്റ്റിലും 604 പേജ് വീഡിയോകളും ഉൾകൊള്ളുന്നു. ഏറ്റവും സുലഭമായി ഉപയോഗിക്കുന്ന റസ്മ് ഉസ്മാനി ലിപിപ്രകാരമുള്ള മുസ്ഹഫിന്റെ പേജുകൾ അടിസ്ഥാനമാക്കിയുള്ളതാണ് ഇതിലെ വീഡിയോകൾ.
3) **ജുസ്ഹ് പ്ലേലിസ്റ്റുകൾ**: വിശുദ്ധ ഖുർആനിലെ 30 ജുസ്ഹുകൾക്കും പ്രത്യേകം പ്ലേലിസ്റ്റുകൾ ഉണ്ട്. പേജ് വിഡിയോകൾ അടിസ്ഥാനമായി ഉപയോഗിക്കുന്ന ഇവകളിലോരോന്നിലും ഇരുപതോ അതിലധികമോ പേജ് വീഡിയോകൾ അടങ്ങിയിരിക്കുന്നു.

1, 2, 3 തരം പ്ലേലിസ്റ്റുകളിൽ ഓരോന്നിലും ഒരേ പാരായണക്കാരന്റെ വിഡിയോകൾ ആണ് ഉള്ളത്. വിത്യസ്ത പാരായണക്കാർക്കായി വിത്യസ്ത പ്ലേലിസ്റ്റുകൾ ആണ്.

4) **ഓരോ സൂറത്തിനുമായുള്ള പ്രത്യേകം പ്ലേലിസ്റ്റുകൾ**. തദനുസൃതം 114 സൂറത്തുകൾക്കുമുണ്ട് പ്രത്യേകം പ്രത്യേകം പ്ലേലിസ്റ്റുകൾ.

5) ഓരോ പേജിനുമായുള്ള പ്ലേലിസ്റ്റുകൾ. അത് പ്രകാരം വിശുദ്ധ ഖുർആനിലെ 604 പേജുകൾക്കും പ്രത്യേകം പ്ലേലിസ്റ്റുകളുണ്ട്.
6) ആയത്തുൽ കുർസി പോലുള്ള ചില വാക്യങ്ങൾക്കുമുണ്ട് പ്രത്യേക പ്ലേലിസ്റ്റുകൾ.

മുകളിൽ ചേർത്ത 4, 5, 6 തരം പ്ലേലിസ്റ്റുകളിൽ ലോകപ്രശസ്തരായ നിരവധി പാരായണക്കാർ പാരായണം ചെയ്ത വീഡിയോകൾ ഉൾക്കൊള്ളുന്നു. പാരായണങ്ങളുടെ താരതമ്യ പഠനം ഉദ്ദേശിക്കുന്നവർക്ക് ഈ പ്ലേലിസ്റ്റുകൾ ഏറ്റവും മികച്ച അവലംബങ്ങളാണ്.

Quran.surf-ന്റെ ഉയർന്ന നിലവാരമുള്ള വീഡിയോകളും വൈവിധ്യമാർന്ന ഇത്തരത്തിലുള്ള പ്ലേലിസ്റ്റുകളും ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. താരതമ്യത്തിന് സന്നദ്ധരാവുന്നവർക്ക് എളുപ്പം ബോധ്യമാകുന്ന വസ്തുതയാണിത്. Quran.surf എന്ന വെബ്സൈറ്റ്, യൂട്യൂബ് ചാനൽ അല്ലെങ്കിൽ ആൻഡ്രോയിഡ് ആപ്പ് എന്നിവകളിലൂടെ ഇവകൾ ലഭ്യമാണ്.

മനോഹരവും ഹൃദയസ്പർശിയുമായ പാരായണത്തോടൊപ്പം ഖുർആൻ ടെക്സ്റ്റ് ഭാഗം ഹൈലൈറ്റ് ചെയ്യുന്ന വിധത്തിലുള്ളതാണ് **Quran.surf** വീഡിയോകൾ. മുസ്ഹഫിന്റെ പേജ് ലേഔട്ടിനെ അടിസ്ഥാനമാക്കിയുള്ള ഈ വീഡിയോകളിൽ ഒരു സ്ക്രീനിൽ അഞ്ച് വരികൾ മാത്രമാണ് ദൃശ്യമാകുന്നത്. ചെറിയ മൊബൈൽ സ്ക്രീനുകളിലും വലിയ പ്രൊജക്ടർ സ്ക്രീനുകളിലും ഇത് നന്നായി കാണാൻ കഴിയും. അതിനാൽ, ഖുർആൻ പാരായണം നന്നായി കേൾക്കാനോ പഠിക്കാനോ പഠിപ്പിക്കാനോ ആഗ്രഹിക്കുന്നവർക്ക് ഇത് ഒരു മികച്ച മാർഗമാണ് പ്രധാനം ചെയ്യുന്നത്.

സർവ്വകലാശാലകളുടെയും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഖുർആൻ പാരായണവുമായി ബന്ധപ്പെട്ട ഏതെങ്കിലും പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ യോഗ്യമാകും വിധത്തിലുള്ള ഏകീകൃതവും വ്യവസ്ഥാപിതവും ഉന്നത നിലവാരത്തിലുള്ളതുമായ എച്ച്ഡി വീഡിയോകളുടെ വലിയ ശ്രേണിയാണ് Quran.surf ലഭ്യമാക്കിയിരിക്കുന്നത്.

## Quran.surf വീഡിയോകളുടെ മറ്റു അതുല്യ പ്രത്യേകതകൾ (Unique specialties):

മുകളിലെ വാചകങ്ങളിൽ ഹൈലൈറ്റ് ചെയ്ത് കാണിച്ചിരിക്കുന്നതിന് പുറമെ താഴെയുള്ളവ കൂടി Quran.surf വീഡിയോകൾക്കുള്ള സവിശേഷ പ്രത്യേകതകളാണ്.

**പരിരക്ഷിക്കുന്ന കവർ** (Protecting cover): ഇതിലെ ഓരോ വീഡിയോകളും ഒരു അദ്വിതീയ ചിത്രം **(unique image)** കൊണ്ട് കവർ ചെയ്തിരിക്കുകയാണ്. ഇത് വീഡിയോയുടെ ആദ്യ, അവസാന നിമിഷങ്ങളിലും അതിന്റെ തംബ്നയിൽ ആയും ഉപയോഗിച്ചിരിക്കുന്നു. പാരായണക്കാരന്റെ പേരും **HD** വീഡിയോ ഹ്രസ്വ **URL** ഉം ഉൾപ്പെടെയുള്ള ഉപയോഗപ്രദമായ വിവരങ്ങൾ അവകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

വിശുദ്ധ ഖുർആൻ (മുസ്ഹഫ്) പാരായണം കഴിഞ്ഞാൽ അടച്ച് വെക്കുക എന്നത് വിശ്വാസികളുടെ പതിവാണ്. എല്ലായ്പ്പോഴും ഖുർആൻ തുറന്ന് വെക്കുക എന്നത് അനാദരവാണെന്ന് വിശ്വാസികളെ പോലെ **Quran.surf** ഉം വിശ്വസിക്കുന്നു. ഖുർആൻ തുറന്ന് വെക്കാതിരിക്കുക എന്ന ഈ മാന്യമായ രീതിശാസ്ത്രം മുകളിൽ പറഞ്ഞ വിധത്തിലുള്ള പരിരക്ഷിക്കുന്ന കവർ ഉപയോഗിച്ച്

കൊണ്ട് **Quran.surf** വീഡിയോകളിൽ ഒരളവ് വരെ ഭംഗിയായി പ്രയോഗവൽകരിച്ചിരിക്കുന്നു.

**രണ്ടാമത്തെ സ്ക്രീൻ:** പ്രഥമ സ്ക്രീനിന്റെ മധ്യഭാഗത്തെ വീഡിയോ വിവരങ്ങൾക്ക് പകരം വിശുദ്ധ ഖുർആനിന്റെ ഒരു മുഴു പേജ് ഉൾക്കൊള്ളിച്ചുള്ളതാണ് ഈ സ്ക്രീൻ. വിഡിയോയിൽ ഉൾകൊണ്ട ഭാഗത്തിന്റെ പ്രഥമ പേജാണിതിൽ വരുന്നത്. ഇത് ഏകദേശം **5** സെക്കൻഡ് സ്ക്രീനിൽ തുടരുന്നു. അവസാന നിമിഷത്തിന് തൊട്ടുമുമ്പ് കുറച്ച് നിമിഷങ്ങൾ സമാനമായ കാഴ്ച കാണാവുന്നതാണ്.

**രണ്ടാമത്തെ സ്ക്രീനിലെ സ്ക്രോളിംഗ് ടെക്സ്റ്റുകൾ:** രണ്ടാമത്തെ സ്ക്രീൻ പ്രദർശിപ്പിക്കുമ്പോൾ താഴെ ഭാഗത്ത് നിന്ന് മുകളിലേക്ക് സ്ക്രോൾ ചെയ്യുന്ന മൂന്ന് വരികളുള്ള ടെക്സ്റ്റ് കാണിക്കുന്നു. വീഡിയോയെക്കുറിച്ചുള്ള വളരെ പ്രസക്തമായ വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

**ഓരോ സ്ക്രീനിലും വിലപ്പെട്ട അധിക വിവരങ്ങൾ കാണിക്കുന്നു:** സൂറത്തിന്റെ പേര്, അതിന്റെ ക്രമ നമ്പർ, പേജ് നമ്പർ, ജുസ്ഹ് നമ്പർ എന്നിവ സ്ക്രീനിന്റെ മൊത്തത്തിലുള്ള മനോഹരമായ കാഴ്ചയെ തടസ്സപ്പെടുത്താതെ ഓരോ സ്ക്രീനിലും കാണിക്കുന്നു.

**സ്വയം വിശദീകരിക്കുന്ന ഹ്രസ്വ ലിങ്കുകൾ:** പോസ്റ്റുകൾ, യൂട്യൂബ് വീഡിയോകൾ, പ്ലേലിസ്റ്റുകൾ എന്നിവ ആക്സസ് ചെയ്യുന്നതിന് ചെറുതും എളുപ്പത്തിൽ തിരിച്ചറിയാവുന്നതുമായ **URL**-ഉകൾ നൽകുന്നു. ഉദാഹരണത്തിന്, ഒരു അധ്യാപകന് സൂറ നമ്പർ **36** യാസീനിലെ ദുർബലരായ വിദ്യാർത്ഥികൾക്ക് **'quran.surf/s36/'** എന്ന ലിങ്ക് നൽകാൻ കഴിയും. പേജുകൾക്കുള്ള ലിങ്കുകളും ഓരോ പാരായണക്കാരനുമുള്ള ഹ്രസ്വ ലിങ്കുകളും ലഭ്യമാണ്. ഒരു പൊതു മാനദണ്ഡത്തിൽ രൂപപ്പെടുത്തിയിരിക്കുന്ന ഇത്തരം ചെറു ലിങ്കുകൾ

താരതമ്യ പഠനത്തിൽ താൽപ്പര്യമുള്ളവർക്ക് വളരെ ഉപയോഗപ്രദമാണ്. വീഡിയോ ശേഖരങ്ങൾ അതി വിപുലമായി വളരുന്നതനുസരിച്ച് ഇത്തരം ചെറു ലിങ്കുകളുടെ പ്രാധാന്യം കൂടി വരും.

## ഓൺലൈൻ മനഃപാഠ പ്രോഗ്രാം

പാരായണത്തിനൊപ്പം ടെക്സ്റ്റ് ഭാഗം ഹൈലൈറ്റ് ചെയ്യുന്ന പേജ് വീഡിയോകളുടെ ലൈറ്റ് വേർഷൻ ഉപയോഗപ്പെടുത്തി, Quran.surf 'വേൾഡ് വൈഡ് ഓൺലൈൻ ഖുർആൻ ഹിഫ്സ് പ്രോഗ്രാം - WWOQHP' നടത്തുന്നുണ്ട്. വിശുദ്ധ ഖുർആൻ ഇതിനോടകം ഹൃദിസ്ഥമാക്കിയ ഹാഫിസുകൾ, ഹിഫ്സുൽ ഖുർആൻ കോളേജുകൾ തുടങ്ങിയവർ നടത്തുന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയാണ് ഇതിന്റെ 'ഗൈഡ് ടു ലേൺ' രീതി സാധ്യമാക്കുന്നത്. ഈ പ്രോഗ്രാമിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ലഭിക്കുന്നുണ്ട്. ഇൻഷാ അല്ലാഹ്, ലോകമെമ്പാടും ആയിരക്കണക്കിന് 'ഖുർആൻ-ഹാഫിസുകൾ' ഉണ്ടാക്കാൻ ഇതിന് കഴിയുമെന്ന ഉത്തമ ബോധ്യമുണ്ട്! ഈ പ്രോഗ്രാമിന് 'സ്വയം പഠന'ത്തിനുള്ള മറ്റൊരു രീതിയും ഉണ്ട്. ഈ കോഴ്സുകളെ കുറിച്ച് കൂടുതലറിയാനും ഹാൻഡ്ബുക്ക് / ഗൈഡ്ബുക്ക് ഡൗൺലോഡ് ചെയ്യാനും ദയവായി https://www.quran.surf/online/ സന്ദർശിക്കുക.

## പരസ്യങ്ങളും മോണിറ്റയ്സേഷനും ആക്ടിവേറ്റ് ചെയ്യാതെ നേടിയെടുത്ത ലക്ഷ്യം.

Quran.surf വീഡിയോകളിൽ ലോകപ്രശസ്തരായ പാരായണക്കാരിൽ നിന്നുള്ള പാരായണ ശബ്ദമാണ് ഉപയോഗിക്കുന്നത്. ആ ശബ്ദങ്ങളിൽ മിക്കവയും ഇതിനകം

മൂന്നാം കക്ഷികൾക്ക് പകർപ്പവകാശമുള്ളതാണ്. Quran.surf വീഡിയോകളിൽ നിന്നുള്ള സാമ്പത്തിക നേട്ടങ്ങൾ അവഗണിച്ചുകൊണ്ട് ഓരോ വീഡിയോ അപ്ലോഡ് ചെയ്യുമ്പോഴും അതിലെ ഓഡിയോ "ഉപയോഗിക്കാൻ മാത്രം" എന്ന് ഞാൻ യൂട്യൂബുമായി സമ്മതിക്കുന്നു. അതിലുപരി യൂട്യൂബിൽ Quran.surf മോണിറ്റൈസേഷൻ ആക്ടിവേറ്റ് ചെയ്തിട്ടുമില്ല. Quran.surf വെബ്സൈറ്റിലോ ആപ്പിലോ പരസ്യങ്ങൾ പ്രദർഷിപ്പിക്കുന്നുമില്ല. അങ്ങനെ ഖുർആൻ വീഡിയോകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് ഒട്ടും അഭികാമ്യമല്ലെന്ന് ഞാൻ കരുതുന്നു. എന്നാൽ പകർപ്പവകാശ ഉടമയുടെ മുൻഗണന അനുസരിച്ച് അവർക്ക് ലഭിക്കേണ്ട നേട്ടത്തിനായി വീഡിയോയിൽ യൂട്യൂബ് പരസ്യങ്ങൾ പ്രദർശിപ്പിച്ചേക്കാവുന്നതാണ്.

ചാനലിലെയോ വെബ്സൈറ്റിലെയോ പരസ്യങ്ങളിലൂടെയുള്ള സാമ്പത്തിക നേട്ടങ്ങൾ ഞാൻ ലക്ഷ്യമാക്കിയിട്ടില്ല. ഞാൻ അത്തരമൊരു ലക്ഷ്യം മനസ്സിൽ സൂക്ഷിച്ചപ്പോൾ, മൂന്നാം കക്ഷികൾക്ക് പകർപ്പവകാശമുള്ള ഓഡിയോകൾ ഉപയോഗിക്കുന്നത് സാധ്യമായി. അതുവഴിയാണ് ഇത്രയും വിപുലമായ വീഡിയോ ശേഖരം സാധ്യമായതും!

Quran.surf ചാനലിൽ മോണിറ്റൈസഷൻ ആക്ടിവേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ യുട്യൂബിനും സാമ്പത്തിക നേട്ട സാധ്യത കുറവായതിനാൽ യുട്യൂബ് വഴിയുള്ള റെക്കമെന്റേഷൻ പൊതുവെ കുറവാണ്. കിടപിടിക്കുന്ന നിലവാരത്തിൽ തുടരുന്ന ഈ ഖുർആൻ പാരായണ വീഡിയോ ചാനലിനെ സ്നേഹിക്കുന്നവരിലൂടെയും മീഡിയ കവറേജിലൂടെയും അത് സാധ്യാമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാരായണത്തിനൊപ്പം ഖുർആൻ ടെക്സ്റ്റ് ഭാഗം ഹൈലൈറ്റ് ചെയ്യുന്ന ഖുർആൻ പാരായണ വീഡിയോകളുടെ ലോകോത്തര ശേഖരണമാണ് ലക്ഷ്യമാക്കുന്നത്. ഈ മഹത്തായ ലക്ഷ്യത്തിനായി ദുബായിലെ എൻറെ ഡ്യൂട്ടി സമയത്തിന് മുമ്പും ശേഷവുമുള്ള ഒഴിവു സമയങ്ങൾ നിരന്തരമായി ഉപയോഗപ്പെടുത്തുകയായിരുന്നു. സാധ്യതയുള്ള എല്ലാത്തരം പ്ലേലിസ്റ്റുകളും ഇതിനോടകം ഉണ്ടാക്കാനായതിനാൽ, എന്റെ ചെറിയ ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞുവെന്ന് കരുതുന്നു. വർഷങ്ങളായുള്ള നിരന്തര പരിശ്രമത്തിന്റെ ഫലമാണിത്. ഇത്തരത്തിലുള്ള ഏറെ പ്രയോജനപ്രദമായ 1000 ലധികം പ്ലേലിസ്റ്റുകൾ ഇപ്പോൾ ലഭ്യമാണ്. ഇതിനകം 5100-ലധികം വീഡിയോകൾ (ഷോർട്ട്സ് ഉൾപ്പെടാതെ) തയ്യാറാക്കാനായി. ആ ശേഖരങ്ങളിൽ മൊത്തം സൂറത്തുകളുടെ 16 സെറ്റുകളും മൊത്തം ഖുർആൻ പേജുകളുടെ 4 സമ്പൂർണ്ണ സെറ്റുകളും ഉൾപ്പെടുന്നു. പന്ത്രണ്ടായിരത്തിൽ പരം ഇമേജുകൾ ഉപയോഗിച്ചാണ് ഈ വിഡിയോകൾ തയ്യാറാക്കിയിരിക്കുന്നത്.

## മഹത്തായൊരു ലക്ഷ്യം: Quran.surf ൻറെ ഭാവി

തജ്‌വീദ് നിയമങ്ങൾ പാലിച്ച് വളരെ ആകർഷകവും മനോഹരവുമായ ശബ്ദത്തിലും ശൈലിയിലും ഖുർആൻ പാരായണം ചെയ്യുന്ന നിരവധി ഖാരിഉകൾ ഉണ്ട്. അവരിൽ അത്ര പ്രശസ്തരല്ലാത്ത ചിലർ ലോകപ്രശസ്ത പാരായണക്കാരേക്കാൾ മികച്ച നിലവാരം കാണിക്കുന്നത് പലർക്കും അനുഭവപ്പെട്ടിട്ടുണ്ടാവും. വളരെ താളാത്മകവും ഗംഭീരവുമായ ക്രമത്തിൽ ക്രമാനുഗതമായി ഉയർന്നും താഴ്ന്നും ഒഴുകുന്ന ഇത്തരത്തിലുള്ള പാരായണം കേൾവിക്കാർക്ക് വളരെ സവിശേഷമായ ഒരു

അനുഭവമായിരിക്കും. വിശുദ്ധ ഖുർആൻ പാരായണം കേൾക്കാൻ ഇഷ്ടപ്പെടുന്ന നിരവധി ആളുകൾ അത്തരം നിരവധി പാരായണക്കാരെ ഇഷ്ടപ്പെടുന്നു. ചില ആളുകൾക്ക് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ അഭിരുചികളുണ്ട്. അല്ലെങ്കിൽ ഈ അഭിരുചിയും ഇഷ്ടവും ഓരോ വ്യക്തിക്കും വ്യത്യസ്തമാണ്. ചിലർ ചിലരെ ഇഷ്ടപ്പെടുമ്പോൾ മറ്റു ചിലർ മറ്റു ചിലരുടെ പാരായണങ്ങൾ നന്നായി ഇഷ്ടപ്പെടുന്നു. അതിനാൽ ഇത്തരത്തിലുള്ള മുൻഗണനകൾ നിറവേറ്റുന്നതിനായി പാരായണ വീഡിയോകളുടെ ശേഖരം അതി വിപുലമാക്കാൻ ഞാൻ അത്യധികം താൽപര്യപ്പെടുന്നു.

ഈ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് നൂറിലധികം പാരായണക്കാരുടെയെങ്കിലും വീഡിയോകൾ ഉണ്ടാക്കേണ്ടതുണ്ടെന്ന് കരുതുന്നു. ഇതിനായി ശേഖരിച്ചിരിക്കുന്ന ഓഡിയോകൾ പ്രകാരം 12900 ത്തിൽ അധികം സൂറ വിഡിയോകൾ ഉണ്ടാക്കാനായി ശേഷിച്ചിട്ടുണ്ട്. അതിൽ നിന്നും 77450 ത്തിൽ അധികം പേജ് വിഡിയോകളും ഉണ്ടാക്കാനാവും. എന്റെ നിലവിലെ അവസ്ഥ ഇതുപോലെ തുടർന്നാൽ ആ മഹത്തായ ലക്ഷ്യം നേടുക എന്നത് സാധ്യമാവാതെ വന്നേക്കാം.

Quran.surf-ന് വേണ്ടിയുള്ള എന്റെ വർഷങ്ങളായുള്ള സമർത്ഥവും കഠിനവുമായ പരിശ്രമം പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒരു നല്ല പ്രവൃത്തിയായി അംഗീകരിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു ഒരു വഴി തുറക്കുമെന്നും നിലവിലെ സാഹചര്യം മാറുമെന്നും ഈ ലക്ഷ്യം കൈവരിക്കുന്നതിന് സർവ്വശക്തനായ അല്ലാഹു എന്നെ അനുഗ്രഹിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ ലക്ഷ്യം യാഥാർത്ഥ്യമാകുമ്പോൾ, ഇൻഷാ അല്ലാഹ്, അത് ദശലക്ഷക്കണക്കിന് ആളുകൾക്ക്

വളരെ പ്രയോജനകരമായിത്തീരുമെന്നും ഖുർആൻ പാരായണങ്ങളുടെ താരതമ്യ പഠനത്തിനുള്ള മഹത്തായ കലവറയായിത്തീരുമെന്നും കൂടാതെ 'വേൾഡ് വൈഡ് ഓൺലൈൻ ഖുർആൻ ഹിഫ്സ് പ്രോഗ്രാം' (WWOQHP) വഴി ആയിരക്കണക്കിന് ഹാഫിസുകളെ വാർത്തെടുക്കപ്പെടുമെന്നും കരുതുന്നു. ഇൻഷാ അല്ലാഹ്, Quran.surf വീഡിയോകളുടെയും പ്ലേലിസ്റ്റുകളുടെയും പ്രത്യേകതയും ഉന്നത ഗുണനിലവാരവും ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുമെന്ന് വ്യക്തമാണ്.

Quran.surf വീഡിയോകളുടെ വർദ്ധിച്ച സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി മൂന്നാം കക്ഷികളെ ഒഴിവാക്കി സ്വന്തം സെർവറിലൂടെ കൈകാര്യം ചെയ്യേണ്ടതുണ്ടെന്ന് കരുതുന്നു. ഇത് മുന്നിൽ കണ്ട് കൊണ്ടും വീഡിയോകൾ എളുപ്പത്തിൽ കണ്ടെത്താനുമായി ഓരോ വീഡിയോയിലും Quran.surf അതിന്റേതായ ഹ്രസ്വ URL ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പാരായണക്കാരൻറെ ഒരു മുഴു സെറ്റ് HD വിഡിയോകൾ സ്റ്റോർ ചെയ്യാൻ ഏകദേഷം 30-40 GB സ്പേസ് വേണ്ടി വരുന്നു എന്ന വസ്തുതയാണ് സ്വന്തം സെർവർ എന്നതിൽ പ്രഥമമായി മനസ്സിലാക്കാനുള്ളത്.

## കുടുംബ വിവരണം

പരേതനായ അബ്ദുൽ കാദർ ഉക്കാസ് മൊയ്ദൂട്ടിയുടെയും ദേളി പിലാവടുക്കം നഫീസ കുന്നിൽ അഹ്മദിന്റെയും മകനാണ് ഞാൻ. ഭാര്യ തെസ്മിയ എസ്കെ കുമ്പള, സഅദിയ്യ സ്കൂളിൽ സയൻസ് ടീച്ചറായി ജോലി ചെയ്യുന്നു. ഇതേ സ്കൂളിൽ മക്കളായ ഇസ്സുന്നിസ, ഇഹ്സാൻ, ഇൻസാഫ് എന്നിവർ പഠിക്കുന്നു. സെപ്പിച്ച, സലാം ദേളി, ജമീല, മുനീർ സോളാർ, ഹാരിസ് സോളാർ, ഹബീബ് യു എസ് എന്നിവർ

സഹോദരങ്ങളാണ്. (ആവശ്യ ഭാഗം ആവശ്യമെങ്കിൽ റിപ്പോർട്ടിൽ ഉൾപ്പെടുത്താം.)

## ഉപസംഹാരം: മീഡിയകളോട്

Quran.surf അതിന്റെ വിശാലമായ വീഡിയോകളിലൂടെയും പ്ലേലിസ്റ്റ് ശേഖരങ്ങളിലൂടെയും ഒരു വേറിട്ട അനുഭവമായിരിക്കും നൽകുക. അതിനാൽ "Quran.surf" നെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് / വാർത്ത നിങ്ങളുടെ പത്രം / മാധ്യമം / ചാനലിൽ പ്രസിദ്ധീകരിക്കാൻ അഭ്യർത്ഥിക്കുന്നു. എന്തെങ്കിലും വ്യക്തത ആവശ്യമുണ്ടെങ്കിൽ, ദയവായി എന്റെ യുഎഇ മൊബൈൽ നമ്പർ, ഇമെയിൽ അല്ലെങ്കിൽ വാട്ട്സ്ആപ്പ് വഴി എന്നെ ബന്ധപ്പെടാവുന്നതാണ്.

നന്ദിയോടും ആദരവോടും കൂടി,


## ഖലീൽ ദേളി (ഖലീൽ റഹ്മാൻ അബ്ദുൽ ഖാദർ)

(കേരളത്തിലെ കാസർഗോഡിൽ നിന്നുള്ള ഒരു ഇന്ത്യൻ പൗരൻ)
ദുബായ്, യു.എ).ഇ.



**Mobile: +971 58 5731 386**
**WhatsApp: +91 9895 715 775, +91 9496 409 386**
**Feedback: www.quran.surf/contact-us/**
**Email:** surfquran@gmail.com
**Website:** www.quran.surf
**YouTube Channel:** www.youtube.com/QuranSurf
**Android App:** www.quran.surf/app/

## കൂടുതൽ അറിയാൻ:

- ദയവായി റഫർ ചെയ്യുക: https://www.quran.surf/abcd-pdf/. ഇതിൽ താഴെപ്പറയുന്നവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:
    - ഇത് എങ്ങനെയാണ് 4 വിധത്തിൽ ഒരു പുതു ചരിത്രം ആയി മാറുന്നത്?
    - ഞങ്ങളുടെ വീഡിയോകളുടെ 8 അതുല്യമായ പ്രത്യേകതകൾ.
    - വീഡിയോകൾക്കും പ്ലേലിസ്റ്റുകൾക്കുമായി സ്വയം തിരിച്ചറിയാവുന്ന ഹ്രസ്വ URL-കൾ.
    - വേൾഡ് വൈഡ് ഓൺലൈൻ ഖുർആൻ ഹിഫ്സ് പ്രോഗ്രാം - WWOQHP
    - Quran.surf-ൻ്റെ മഹത്തായ വികസന ലക്ഷ്യം
    - 49 സപ്പോർട്ടിങ് ഡോക്യുമെന്റുകളും ഡൗൺലോഡുകളും ലിങ്കുകളും.
- എന്റെ ഫോട്ടോ: www.quran.surf/md-face/
- Quran.surf ലോഗോ: www.quran.surf/logo/
- Quran.surf ബാനർ: www.quran.surf/banner/
- ക്ലിക്ക് ചെയ്യാവുന്ന ലിങ്കുകലുള്ള ഈ PDF-ന്റെ സോഫ്റ്റ് കോപ്പിക്ക്: www.quran.surf/pr-ml/
- റിപ്പോർട്ട് രൂപത്തിലുള്ള പത്രക്കുറിപ്പിന്: www.quran.surf/prml/